# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATURE.***

# CONTENTS

**VOL. XLVII** **MARCH 2017** **No. 3**


| | **ARTICLES** | **page** |
|---|---|---|
| നിരേന്ദ്ര ദേവ് | നവ വികസന മാതൃക : കാർഷിക മേഖലയ്ക്കും ഗ്രാമീണ ഇന്ത്യയ്ക്കും ഉത്തേജനം [യോജന, 2017 മാർച്ച്] | 1 - 11 |
| വർഗ്ഗീസ് ആന്റണി | വെർച്വൽ രാജ്യത്തെ ട്രോൾ സൈന്യം [മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2017 മാർച്ച് 12–18] | 12 - 35 |
| T.K.Rajalakshmi | For affordable Stents [Frontline, March 17, 2017] | 36 - 44 |
| C.P.Chandrasekhar | Wicked loans & bad banks [Frontline, March 17, 2017] | 45 - 49 |
| T.S. Subramanian | Stellar feat [Frontline, March 17, 2017] | 50 - 54 |
| Sunil Bahri | Book Review : Closely Watched Trains A review of the book ‘ India’s Railway Man’ by Rajendra Aklekar [Outlook, March 20, 2017] | 55 - 57 |
| | LEGISLATIVE BUSINESS: | 58- 69 |
| | Resume of Business Transacted during the Tenth Session of the Sixteenth Loksabha. | |

FOCUS



## നവ വികസന മാതൃക : കാർഷിക മേഖലയ്ക്കും ഗ്രാമീണ ഇന്ത്യയ്ക്കും ഉത്തേജനം.

**നിരേന്ദ്ര ദേവ്**

ഏറെ സാധ്യതകൾ ഉണ്ടായിട്ടും കാർഷിക സമ്പദ് വ്യവസ്ഥയും ഗ്രാമ വികസനവും ഇന്ത്യയിൽ പ്രതീക്ഷിച്ച നേട്ടങ്ങൾ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടാക്കിയിട്ടില്ലെന്നത് വസ്തുതയാണ്. എന്നാൽ 2017-18 ലേക്കുള്ള ബജറ്റ് പല വിധത്തിലും ഈ മേഖലയിൽ നിർണ്ണായകമാണ് എന്ന് കാണാം. വർദ്ധിച്ച തുക നീക്കിവയ്ക്കൽ, ശരിയായ പദ്ധതികളുടെ കണ്ടെത്തൽ, കൃത്യമായ മാർഗ രേഖ തയ്യാറാക്കുക എന്നിവയിലൂടെ കാർഷിക മേഖലയെ വിശാലമായി നോക്കിക്കാണാനും, ഗ്രാമവികസനമെന്ന ലക്ഷ്യം നേടാൻ വെല്ലുവിളിയാകുന്ന സ്വാഭാവികവും മനുഷ്യനിർമ്മിതവുമായ തടസ്സങ്ങൾ നീക്കം ചെയ്യാനും ഇത്തവണത്തെ ബജറ്റ് ഏറെ സഹായകമാകും ശരിയായ സന്തുലനമാണ് ഇക്കൊല്ലത്തെ ബജറ്റിന്റെ മുഖ്യ സവിശേഷത, ഗ്രാമീണമേഖലയ്ക്ക് നൽകിയ ഊന്നൽ, കാർഷിക സമൂഹത്തിന് നൽകിയ കൈത്താങ്ങ്, നാഗരിക ഉപഭോക്താക്കൾക്കുള്ള സഹായം എന്നിവയാണ് ബജറ്റിലെ പ്രധാന സവിശേഷതകൾ.

ഗ്രാമീണ, കാർഷിക അനുബന്ധമേഖലകൾക്ക് 2017-18 സാമ്പത്തിക വർഷം 1,87,223 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 24 % വർദ്ധനയാണ് ഇത്തവണ വരുത്തിയത്. 'എല്ലാവരുടേയും പങ്കാളിത്തത്തോടെ ഏവർക്കും വികസനം' എന്ന മുദ്രാവാക്യത്തിന് അനുസൃതമായി രാജ്യത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊളളിച്ചുളള വളർച്ച സാധ്യമാക്കുന്നതിനുമായി കാർഷിക, അനുബന്ധ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഇത്തവണത്തെ ബജറ്റിൽ ഊന്നൽ നൽകിയിരിക്കുന്നത്.

കർഷകർക്ക് മികച്ച വരുമാനം ഉറപ്പു വരുത്തുന്നതിൽ കഴിഞ്ഞ ദശകങ്ങളിൽ പാളിച്ചകൾ ഉണ്ടായിട്ടുണ്ട്. വിപണികൾ ചിതറിക്കിടക്കുന്ന അവസ്ഥ ഇതിന് ഒരു കാരണമായതായി കാണാം. ഇത് മനസ്സിലാക്കി സംയോജിത



വിപണിക്ക് രൂപം നൽകാനും വിപണന രംഗത്തെ വിടവുകൾ കണ്ടെത്തി അവ നികത്തുന്നതിനും നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

**കാർഷിക ഉല്പന്നങ്ങൾക്ക് മികച്ച വില**

കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് മികച്ച വില ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനങ്ങൾക്ക് അയച്ചുകൊടുക്കുന്ന കരാർ കൃഷി രീതിയുടെ മാതൃകാ നിയമം സംബന്ധിച്ചും ധനമന്ത്രി ബജറ്റിൽ വെളിച്ചം വീശി. ദേശീയ ഇലക്ട്രോണിക് കാർഷിക വിപണി (e-NAM) യുടെ കീഴിൽ കൂടുതൽ നിയന്ത്രിത കാർഷിക വിപണികൾ കൊണ്ടുവരുന്നതിനാണ് ഗവൺമെന്റ് ഊന്നൽ നൽകിയത്.

(e-NAM) ന്റെ കീഴിൽ ഇപ്പോൾ 250 കാർഷികോല്പ്പന്ന വിപണന കമ്പനികൾ ഉള്ളത് 585 ആയി ഉയർത്താനാണ് പദ്ധതിയെന്ന് ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കി. കൂടാതെ വൃത്തിയാക്കൽ, തരം തിരിക്കൽ, പായ്ക്ക് ചെയ്യൽ ജോലികൾക്കായി ഓരോ e-NAM വിപണിക്കും 75 ലക്ഷം രൂപ വീതം അനുവദിക്കുമെന്നും ധനമന്ത്രി അറിയിച്ചു. 2016 ൽ തുടക്കമിട്ട e-NAM ഇലക്ട്രോണിക് വ്യാപാരത്തിലൂടെ വൻമാറ്റങ്ങൾക്കാകും വഴിയൊരുക്കുക.

കർഷകർ അടിക്കടി നേരിടുന്ന വെല്ലുവിളിയായ വില അസ്ഥിരതയ്ക്ക് മികച്ച ഉത്തരമാണ് e-NAM. കർഷകർ നേരിടുന്ന പല വെല്ലുവിളികളെയും കുറിച്ച് ബോധ്യമുണ്ടെന്ന് കൃഷി മന്ത്രാലയത്തിന്റെ അടുത്തിടെ പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു. ഇടനിലക്കാരുടെ സാന്നിദ്ധ്യമാണ് ഇതിൽ പ്രധാന പ്രശ്നം. ഇടനിലക്കാരെ പാടെ ഒഴിവാക്കി വില നിർണ്ണയത്തിൽ സുതാര്യത ഉറപ്പ് വരുത്തുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഓരോ ഉല്പന്നത്തിനും രാജ്യത്തുടനീളം ഒരു അടിസ്ഥാന വില ഗവൺമെന്റ് ഉറപ്പുവരുത്തും. ഇതിൽ നിർണ്ണായകമാകുന്നത് e-NAM ആയിരിക്കും.

e-NAM എന്നത് ഒരു ഓൺലൈൻ വ്യാപരവേദി ആണെന്നും സമാന്തര വിപണന സംവിധാനമായി കാണരുതെന്നും കേന്ദ്ര കൃഷി മന്ത്രാലയം കഴിഞ്ഞ വർഷം തന്നെ വ്യക്തമാക്കിയിരിക്കുന്നു. കാർഷിക കമ്പോളങ്ങളുടെ ദേശീയ



ശൃംഖല ഓൺലൈൻ മുഖേന ബന്ധപ്പെടാവുന്ന തരത്തിൽ രൂപപ്പെടുത്തിയെടുക്കാനുള്ള ഒരു ഉപാധിയാണ് e-NAM എന്ന് കണക്കാക്കപ്പെടുന്നു.

കമ്പോളങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഓൺലൈൻ പോർട്ടൽ മുഖേന ഉപയോഗപ്പെടുത്താൻ e-NAM സഹായകമാകും. സംസ്ഥാനത്തിന് പുറത്തുള്ളവർക്ക് പോലും വ്യാപാരത്തിൽ പങ്കെടുക്കുവാൻ e-NAM വേദിയാകും 8 സംസ്ഥാനങ്ങളിലായി 21 കമ്പോളങ്ങൾ പരസ്പരം സംയോജിപ്പിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. ഉത്തർപ്രദേശ് (6), ഗുജറാത്ത് (3), തെലങ്കാന (5), രാജസ്ഥാൻ (1), മധ്യപ്രദേശ് (1),ഹരിയാന(2), ഝാർഖണ്ഡ് (1) ഹിമാചൽ പ്രദേശ് (2) എന്നിങ്ങനെയാണവ.

എന്നിരുന്നാലും ചില പ്രശ്നങ്ങൾ പരിഗണിക്കേണ്ടതുണ്ട്. സുതാര്യത ഉറപ്പ് വരുത്തുന്നതിനായി കാർഷിക വിപണികളിൽ നിന്ന് അകറ്റി നിർത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്ന ഇടനിലക്കാരുടെ പ്രശ്നമാണ് കർഷകർ മുഖ്യമായി നേരിടുന്നത്.

വേഗം കേടുവരുന്ന ഉല്പന്നങ്ങളെ കാർഷികോല്പന്ന വിപണന കമ്പനികളിലെ പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്ന് ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ ആവശ്യപ്പെട്ടിരുന്നു. തങ്ങളുടെ ഉല്പന്നം മികച്ച വിലക്ക് വിൽക്കാൻ ഇത് കർഷകരെ അനുവദിക്കുമെന്ന് ധനമന്ത്രി പറഞ്ഞു. പഴം, പച്ചക്കറി കർഷകരെ ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുമായി ബന്ധപ്പെടുത്തി മെച്ചപ്പെട്ട വില ഉറപ്പ് വരുത്താനും വിളവെടുപ്പിന് ശേഷം ഉല്പന്നം പാഴാകുന്നത് തടയാനുമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് ബജറ്റ് നിർദ്ദേശങ്ങൾ ചൂണ്ടിക്കാട്ടുന്നു.

ഓരോ തുള്ളിക്കും അധിക വിളവ് എന്ന ലക്ഷ്യം നേടാനായി മൈക്രോ ജലസേചന ഫണ്ടിന് നബാർഡ് രൂപം നൽകുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയുണ്ടായി. ഇതിനായി 5000 കോടി രൂപയുടെ സഞ്ചിത നിധിക്കും രൂപം നൽകി. 8000 കോടി രൂപയുടെ ക്ഷീര വികസന നിധിക്കും നബാർഡ് രൂപം നൽകുന്നുണ്ട്. ഗുജറാത്ത്, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങി ചില



സംസ്ഥാനങ്ങൾക്ക് മാത്രമേ ക്ഷീര വികസന രംഗത്ത് നേട്ടം കൊയ്യാൻ കഴിഞ്ഞിട്ടുള്ളൂ. നിശ്ചിത കാലാവധിക്കുള്ളിൽ വായ്പാ തവണകൾ അടയ്ക്കുന്ന കർഷകർക്ക് മൂന്ന് ശതമാനം അധിക കിഴിവും ഇക്കൊല്ലത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

നടപ്പ് വർഷം കാർഷിക മേഖല 4.1 ശതമാനം വളർച്ച രേഖപ്പെടുത്തുമെന്നാണ് ധനമന്ത്രിയുടെ പ്രതീക്ഷ. ഖാരീഫ്, റാബി വിളകൾക്ക് ഇക്കൊല്ലം വിത്തിറക്കിയത് കൂടുതലായിരുന്നുവെന്നത് കാര്യങ്ങൾ സുഗമമാകുമെന്നതിന്റെ സൂചനയായി കാണാം.

കഴിഞ്ഞവർഷം തുടക്കമിട്ട വിള ഇൻഷുറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമ യോജനക്കുള്ള നീക്കിയിരിപ്പ് നടപ്പ് വർഷം മുൻ വർഷ ബജറ്റ് വിഹിതമായ 5500 കോടിക്ക് പകരം 13,240 കോടി രൂപയായി ഉയർത്തിയെന്നത് പ്രതിസന്ധി നേരിടുന്ന കർഷകരെ സഹായിക്കുന്നതിനുള്ള ഗവൺമെന്റിന്റെ ശ്രമമാണ് കാണിക്കുന്നത്. അടുത്ത വർഷത്തേക്ക് 9000 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതി 2016-17 ൽ 30% കൃഷി സ്ഥലത്ത് പ്രയോജനപ്പെടുത്തിയെങ്കിൽ 2017-18 ൽ 40% സ്ഥലത്തേക്കും 2018-19 ൽ 50% വിസ്തൃതിയിലേക്കും ഉയർത്താനാണ് ലക്ഷ്യമെന്ന് ധനമന്ത്രി പറഞ്ഞു.

വിള ഇൻഷുറൻസ് പദ്ധതിക്ക് അധിക തുക നീക്കി വയ്ക്കാനുള്ള ഗവൺമെന്റ് തീരുമാനത്തെ പാർലമെന്റിനകത്തും പുറത്തും പ്രതിപക്ഷ കക്ഷികൾ ഉൾപ്പെടെ സ്വാഗതം ചെയ്തു. ജലസേചന പദ്ധതികൾക്കായുള്ള പ്രധാനമന്ത്രി കൃഷിസിഞ്ചായി യോജനയാണ് ഇക്കൊല്ലത്തെ ബജറ്റിൽ ഇടം നേടിയ മറ്റൊരു കാർഷിക ക്ഷേമ പദ്ധതി.

ഗവൺമെന്റിന്റെ മറ്റൊരു സവിശേഷ പദ്ധതിയായ മണ്ണ് പരിശോധനാ കാർഡിനെപ്പറ്റി പരാമർശിക്കവെ കർഷകർക്ക് അവരുടെ മണ്ണിന്റെ പരിശോധനാ



ഫലങ്ങൾ വേഗത്തിൽ ലഭ്യമാക്കിയാൽ മാത്രമേ കർഷകർക്ക് പ്രയോജനം ഉണ്ടാകൂ എന്ന് ധനമന്ത്രി ചൂണ്ടിക്കാട്ടി. കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ മിനി ലാബുകൾ സജ്ജീകരിച്ച് 648 കേന്ദ്രങ്ങളും ഇതിന്റെ കീഴിൽ കൊണ്ടുവരാൻ ഗവൺമെന്റ് ലക്ഷ്യമിടുന്നു. ഇതുകൂടാതെ യോഗ്യരായ സംരംഭകർ വഴി 1000 ചെറുകിട മണ്ണ് പരിശോധനാ ശാലകളും ആരംഭിക്കുമെന്ന് ധനമന്ത്രി അറിയിച്ചു. ഇതുകൂടാതെ ദീർഘകാല ജലസേചന ഫണ്ടിന് നബാർഡ് ഇതിനകം രൂപം നൽകിയിട്ടുണ്ട്.

കുളങ്ങളിലും മറ്റും മഴവെള്ളം തടഞ്ഞു നിർത്തുന്നതും ഗ്രാമപ്രദേശങ്ങളിലേയും കാർഷിക മേഖലകളിലേയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമാണെന്ന് കൃഷി മന്ത്രാലയ ഉദ്യോഗസ്ഥർ പറയുന്നു. മഴക്കുറവ് നേരിടുന്ന പ്രദേശങ്ങളിൽ പ്രത്യേകിച്ചും, ജലസേചനം നടത്തുന്നതിൽ ഇത് നിർണ്ണായകമാണ്. ജലസേചനപദ്ധതികൾക്ക് അനുബന്ധമായി ഗ്രാമ-നഗര പ്രദേശങ്ങളിൽ മഴവെള്ള സംഭരണം നിർബന്ധമാക്കി പല സംസ്ഥാനങ്ങളും നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. 2014 ൽ ഇപ്പോഴത്തെ ഗവൺമെന്റ് തുടക്കമിട്ട പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന അത്തരത്തിൽ സുപ്രധാന ചുവടുവെയ്പായി കണക്കാക്കാം. കർഷകരുടെ വരുമാനം 2022 ഓടെ ഇരട്ടിയാക്കാൻ ലക്ഷ്യമിട്ട് കാർഷിക, കാർഷികേതര മേഖലകളിലെ ഇടപെടൽ പുനരവലോകനം ചെയ്യുന്നതിന് ഊർജ്ജിത ശ്രമങ്ങളാണ് ബജറ്റ് വിഭാവനം ചെയ്യുന്നത്.

**ഗ്രാമവികസനത്തിനായി അധിക വിഹിതം**

ഗ്രാമീണ മേഖലക്കുള്ള ചെലവ് വിഹിതം വർദ്ധിപ്പിക്കാത്ത പക്ഷം ഗ്രാമീണ ഇന്ത്യയുടെ സ്ഥിതി മെച്ചപ്പെടുത്താമെന്ന പ്രഖ്യാപനം വെറും പാഴ്വാക്കാകും. 2014 ന് ശേഷം ഇത് നാലാം തവണയും ധനമന്ത്രി ഗ്രാമപ്രദേശങ്ങൾക്ക് കൂടുതൽ



തുക നീക്കി വയ്ക്കുന്ന കാര്യം ബജറ്റിൽ ഊന്നിപറഞ്ഞു. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, ഗ്രാമീണ റോഡുകൾ, ഗ്രാമീണ വൈദ്യുതീകരണം തുടങ്ങിയവയ്ക്കൊപ്പം തന്നെ ദാരിദ്ര്യനിർമ്മാർജ്ജനവും അദ്ദേഹം എടുത്തുപറഞ്ഞു. സാമ്പത്തിക പരിഷ്കരണ നടപടികൾ തുടരേണ്ടതിന്റെ ആവശ്യകതയും കൂടുതൽ നിക്ഷേപങ്ങൾ, വളർച്ച ത്വരിതപ്പെടുത്തൽ എന്നിവ അനിവാര്യമാണെന്നും ധനമന്ത്രി ചൂണ്ടിക്കാട്ടി.

ഓരോ വർഷവും ഗ്രാമീണമേഖലയിൽ മൂന്ന് ലക്ഷം കോടി രൂപയാണ് ഗവൺമെന്റ് ചെലവിടുന്നത്. ഉത്തരവാദിത്തം, ഫലപ്രാപ്തി, സംയോജനം എന്നിവയിൽ ഊന്നി ഒരു കോടി ഭവനങ്ങളെ ദാരിദ്ര്യമുക്തമാക്കാനും 50000 ഗ്രാമ പഞ്ചായത്തുകളെ 2019 ഓടെ ദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കാനും ലക്ഷ്യമിടുന്ന അന്ത്യോദയ ദൗത്യം ഏറ്റെടുക്കുന്ന കാര്യവും ഗവൺമെന്റ് വ്യക്തമാക്കി. ഗ്രാമങ്ങൾ ഗാന്ധിദർശനത്തിന്റെ അവശ്യഘടകമാണെന്നതു കണക്കിലെടുത്ത് ഗാന്ധിജിയുടെ 150-ാം ജന്മവാർഷികത്തോട് അനുബന്ധിച്ചാണ് ഇത് നിശ്ചയിച്ചിരിക്കുന്നത്.

ഓരോ ദരിദ്ര കുടുംബത്തിനും സുസ്ഥിര വരുമാനം ഉറപ്പുവരുത്താനുള്ള കൃത്യമായ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് മുന്നോട്ടു പോകാൻ ഉദ്ദേശിക്കുന്നത്. ദാരിദ്ര്യ രഹിത ഗ്രാമപഞ്ചായത്തുകൾക്കായി സമഗ്രമായ സൂചിക തയ്യാറാക്കി പുരോഗതി അടിസ്ഥാന തലത്തിൽ അവലോകനം ചെയ്യുമെന്ന് ധനമന്ത്രി പറഞ്ഞു.

കർഷകരുടെ വരുമാനം ഇരട്ടിയാക്കണമെന്ന ലക്ഷ്യത്തോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പുനരവലോകനം ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായും ധനമന്ത്രി വെളിപ്പെടുത്തി. ഓരോ ഗ്രാമീണ കുടുംബത്തിനും



വർഷം കുറഞ്ഞത് 100 തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുമ്പോൾ തന്നെ, അത് ഗ്രാമീണ സമൂഹത്തിന്റെ ഉത്പാദന ക്ഷമതയും വരുമാനവും വർദ്ധിപ്പിക്കാൻ തക്കവണ്ണം ഉപകരിക്കുമെന്ന് ഗവൺമെന്റ്  ലക്ഷ്യമിടുന്നു.

തൊഴിലുറപ്പ് പദ്ധതിയിലൂടെ 5 ലക്ഷം കുളങ്ങളും 10 ലക്ഷം കുഴികളും നിർമ്മിക്കുമെന്ന കഴിഞ്ഞ ബജറ്റിലെ ലക്ഷ്യം പൂർണ്ണമായും കൈവരിക്കും. ഇത്തവണ 5 ലക്ഷത്തിന്റെ സ്ഥാനത്ത് മാർച്ച് 2017 ഓടെ 10 ലക്ഷം കുളങ്ങൾ നിർമ്മിക്കാനാണ് ഗവൺമെന്റ്  ലക്ഷ്യമിടുന്നത്.  2017-18 ൽ മറ്റൊരു 5 ലക്ഷം കുളങ്ങളും കൂടി നിർമ്മിക്കും.ഈ ഒറ്റ നടപടിയിലൂടെ തന്നെ ഗ്രാമപഞ്ചായത്തുകളെ വരൾച്ചാ മുക്തമാക്കാൻ കഴിയുമെന്ന്  പ്രതീക്ഷിക്കുന്നു,

തൊഴിലുറപ്പ് പദ്ധതിയിൽ വനിതകളുടെ പങ്കാളിത്തം നേരത്തെ 48 ശതാനമായിരുന്നത് ഇപ്പോൾ 55 ശതമാനമായെന്നും ശ്രദ്ധേയമാണ്. 2016 -17 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 38,500 കോടി രൂപ നീക്കിവച്ചിരുന്ന സ്ഥാനത്ത് 2017-18 ൽ 48,000 കോടി രൂപ നീക്കിവച്ചു.  പദ്ധതിക്ക്, ഇതുവരെ ലഭിച്ച ഏറ്റവും വലിയ തുകയാണിത്.  പദ്ധതിയിൻ കീഴിൽ നിർമ്മിച്ച എല്ലാ നിർമ്മിതികളും  ഭൂമിശാസ്ത്രപരമായി അടയാളപ്പെടുത്തി സുതാര്യത ഉറപ്പുവരുത്തും.  കർഷകർ, ഗ്രാമീണ ജനത എന്നിവരുമായി യോജിച്ച് പ്രവർത്തിച്ച് അവരുടെ  ജീവിതവും പരിസ്ഥിതിയും മെച്ചപ്പെടുത്താനാണ് ലക്ഷ്യമെന്ന് സംശയലേശമെന്യേ ധനമന്ത്രി വ്യക്തമാക്കി.

പഴയതും പുതിയതുമായ പദ്ധതികളുടെ  ഭാഗമായി ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകാനും ബജറ്റ് നിർദ്ദേശിക്കുന്നു. 2022 ഓടെ 5 ലക്ഷം പേർക്ക് മേസ്തിരിപ്പണിയിൽ പരിശീലനം നൽകും.



2017–18 ഓടെ 20,000 പേർക്ക് നൈപുണ്യ പരിശീലനം നൽകുകയാണ് ഉടൻ മുന്നിലുള്ള ലക്ഷ്യം.

വികസന പരിപാടികൾ നടപ്പാക്കുന്നതിനുള്ള മനുഷ്യശേഷിയിലുള്ള കുറവാണ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധി. ഇത് പരിഹരിക്കാനും അടുത്ത സാമ്പത്തിക വർഷം നടപടി സ്വീകരിക്കും. പെൺകുട്ടികൾ, വനിതകൾ എന്നിവരോടുള്ള പ്രത്യേക സമീപനം അരക്കിട്ടുറപ്പിക്കുന്നതാണ് ഇത്തവണത്തെ ബജറ്റ്.

14 ലക്ഷം സംയോജിത ശിശു വികസന അംഗനവാടി കേന്ദ്രങ്ങളിൽ മഹിളാ ശക്തി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 500 കോടിരൂപ നീക്കിവച്ചു. ഗ്രാമീണ വനിതകൾക്ക് നൈപുണ്യവികസനം, തൊഴിൽ, ഡിജിറ്റൽ സാക്ഷരത, ആരോഗ്യ ക്ഷേമകാര്യങ്ങൾ, പോഷകാഹാരം എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് ഉദ്ദേശിക്കുന്നത്.

ഗർഭിണികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള ദേശീയ പദ്ധതിയെക്കുറിച്ച് പ്രധാനമന്ത്രി 2016 ഡിസംബർ 31 ന് നടത്തിയ പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ച് ആശുപത്രികളിലും ആരോഗ്യകേന്ദ്രങ്ങളിലും പ്രസവിക്കുന്ന സ്ത്രീകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 6000 രൂപ വീതം നേരിട്ട് നിക്ഷേപിക്കും. ഇതിനായി കുഞ്ഞുങ്ങൾക്ക് പ്രതിരോധകുത്തിവയ്പു നൽകേണ്ടത് നിർബന്ധമാണ്. ഗ്രാമീണ ജനതക്കു ഈ പദ്ധതി ഏറെ സഹായം ചെയ്യും.

രാജ്യത്തെ എല്ലാ ഗ്രാമങ്ങളെയും കൂട്ടിയിണക്കുക എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി ഗ്രാമസഡക് യോജനക്ക് 19000 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. സംസ്ഥാന വിഹിതം കൂടി കണക്കിലെടുത്താൽ മൊത്തം 27000 കോടി രൂപ



പദ്ധതിക്ക് ലഭ്യമാകും. 2011-14 കാലയളവിൽ പ്രതിദിനം 73 കിലോ മീറ്റർ റോഡ് നിർമ്മിച്ചിരുന്ന സ്ഥാനത്ത് 2016-17 ൽ പദ്ധതിയിൻ കീഴിൽ 133 കി.മീ. ഗ്രാമീണ റോഡുകൾ നിർമ്മിച്ചതായി ധനമന്ത്രി പറഞ്ഞു. കൂടാതെ ഗ്രാമീണ മേഖലയിലെ ദരിദ്രർക്കായി പ്രഖ്യാപിച്ച പ്രധാനമന്ത്രി ആവാസ് യോജനക്ക് 2017-18 ൽ 44% വർധനയോടെ 23000 കോടി രൂപ നീക്കി വച്ചു. 10 ദശലക്ഷം വീടുകൾ നിർമ്മിക്കുകയാണ് ലക്ഷ്യം അതുപോലെ ഗ്രാമീണ വൈദ്യുതീകരണത്തിനുള്ള ദീന ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനക്കുള്ള വിഹിതം 43% വർദ്ധിപ്പിച്ച് 2017-18 ൽ 4814 കോടി രൂപയാക്കി.

ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും കർഷകർക്കുള്ള സഹായവും ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ സമഗ്ര വളർച്ചക്കുള്ള നിർണ്ണായക ഘടകങ്ങൾ ആണ്. അതുകൊണ്ട് തന്നെ, കാർഷിക വികസനത്തിൽ ഊന്നിയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പ്രശ്നത്തെ മുൻകാലങ്ങളെ അപേക്ഷിച്ച് സമഗ്രമായും നേരിട്ടും സമീപിക്കേണ്ടതുണ്ട്. ഇതനുസരിച്ച് കഴിഞ്ഞ രണ്ടര വർഷങ്ങളിൽ പലവിധ പദ്ധതികൾ കേന്ദ്ര സർക്കാർ തയ്യാറാക്കിയിരുന്നു. ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അടിസ്ഥാനതലത്തിൽ വിഭവശേഷി മെച്ചപ്പെടുത്താനും കൃഷിയും അനുബന്ധ മേഖലകളും ശക്തിപ്പെടുത്തി ഗ്രാമീണ ഇന്ത്യയിൽ ഐശ്വര്യവും സമ്പദ്സമൃദ്ധിയും കൊണ്ടുവരാനുമാണ് ഇതുവഴി ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

**ഗ്രാമീണ വൈദ്യുതീകരണം**

ഗ്രാമീണ വൈദ്യുതീകരണത്തിന് ഗവൺമെന്റ് ഉന്നത പരിഗണന നൽകുന്നുവെന്ന് 2017-18 ലെ ബജറ്റ് വ്യക്തമാക്കുന്നു. രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ പദ്ധതി നടപ്പാക്കിയിട്ടും ഗ്രാമീണ ഇന്ത്യയുടെ



പല ഭാഗങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ആകെയുള്ള 29 സംസ്ഥാനങ്ങളിൽ 28 ഉം 100 ശതമാനം വൈദ്യുതീകരണമെന്ന ലക്ഷ്യം നേടുന്നതിനായി കേന്ദ്രത്തോടൊപ്പം പ്രവർത്തിക്കുമെന്ന് ഉറപ്പ് നൽകിയതായി ഊർജ്ജമന്ത്രി ലോക്സഭയിൽ പറഞ്ഞിട്ടുണ്ട്.

ഗ്രാമീണ വൈദ്യുതീകരണത്തിന് ഇപ്പോഴത്തെ ഗവൺമെന്റ് മുന്തിയ പരിഗണനയാണ് നൽകുന്നത്. മലിന ജലം, ഓട ജലം എന്നിവയിൽ നിന്ന് വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിനുള്ള നിർദ്ദേശം 2014-15 ൽ ഗ്രാമ വികസന മന്ത്രാലയം മുന്നോട്ട് വച്ചിരുന്നു. സൗരോർജ്ജത്തിന്റെ വിപുലമായ ഉപയോഗത്തിലൂടെ രാജ്യത്തിന്റെ വൈദ്യുതി രൂപരേഖ മാറ്റി വരയ്ക്കുകയാണ് ഒരു പ്രധാന ലക്ഷ്യം.

**പ്രധാന ബജറ്റ് പ്രഖ്യാപനങ്ങൾ**

- കാർഷിക വായ്പ 10 ലക്ഷം കോടിയെന്ന റെക്കോഡ് തുകയിൽ നിജപ്പെടുത്തി.
- മണ്ണ് പരിശോധനാ കാർഡുകൾ ലഭ്യമാക്കൽ, കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ മിനി ലാബുകൾ സജ്ജമാക്കൽ തുടങ്ങിയവയ്ക്ക് അംഗീകാരം.
- നബാർഡ് മുഖേനയുള്ള ദീർഘകാല ജലസേചന വായ്പ 40000 കോടി രൂപയായി ഉയർത്തി.
- കരാർ കൃഷി രീതിക്കുള്ള മാതൃകാ നിയമം സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കും.
- 8000 കോടി രൂപയുടെ ക്ഷീര വികസന നിധിക്ക് തീരുമാനമായി.

FOCUS



- ഒരു കോടി കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് രക്ഷിക്കാൻ അന്ത്യോദയ ദൗത്യം നടപ്പിലാക്കും.
- ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 48000 കോടി രൂപയെന്ന സർവകാല റിക്കോർഡ് വിഹിതം ഏർപ്പെടുത്തി.
- പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതിക്ക് 19000 കോടി വകയിരുത്തി. സംസ്ഥാന വിഹിതം കൂടി ചേർന്നാൽ 27,000 കോടിയാവും.
- പ്രധാനമന്ത്രി ഭവന പദ്ധതിക്ക് 23,000 കോടി രൂപ നീക്കി വച്ചു.
- 2018 മേയ് മാസത്തോടെ 100% ഗ്രാമീണ വൈദ്യുതീകരണം സാധ്യമാക്കാൻ വേണ്ട സത്വര നടപടികൾക്ക് ശുപാർശ നൽകി..

യോജന

മാർച്ച് 2017

FOCUS



## വെർച്ചൽ രാജ്യത്തെ ട്രോൾ സൈന്യം

### വർഗ്ഗീസ് ആന്റണി

അവർ ആരാണെന്നോ എവിടെ നിന്നുള്ളവരാണെന്നോ ഒരു നിശ്ചയവും കിട്ടാനിടയില്ല. ഏതെങ്കിലും ഒരു രാജ്യത്തിനു നേരെ സർവസന്നാഹങ്ങളുമെടുത്ത് പാഞ്ഞുവരുന്ന പരിശീലനം സിദ്ധിച്ച സേനയെപ്പോലാണവർ, കറയില്ലാത്ത തെറി വിളിയിൽ, നേരിട്ട് കാണുമെന്ന ഭീഷണിയിൽ, അമ്മ പെങ്ങമ്മാരുടെ മാന്യതയെ ക്കുറിച്ചുള്ള ആക്ഷേപങ്ങളിൽ, സ്ത്രീകളാണെങ്കിൽ ബലാൽസംഗം ചെയ്യുമെന്ന ആൺകോയ്മയിൽ ആ ആൾക്കൂട്ടം തങ്ങളുടെ ശരികളെ പ്രതിഷ്ഠിക്കുന്നു. ചിലപ്പോൾ വെട്ടുകിളികളെപ്പോലെ പറന്നിറങ്ങി സർവ്വതും തുലയ്ക്കുന്നു. റിപ്പോർട്ടിങ് എന്ന വജ്രായുധമെടുത്ത് പ്രൊഫൈൽ തന്നെ പൂട്ടിക്കുന്നു. വീടുകളിൽ ഇരുന്നുകൊണ്ടാകാം ഇതെല്ലാം ചെയ്യുന്നത്. അല്ലെങ്കിൽ ജോലി സ്ഥലത്തുനിന്ന്, യാത്രയിൽ നിങ്ങളുടെ തൊട്ടടുത്തിരുന്നു കൊണ്ടാകാം അവർ ഭീഷണി മുഴക്കുന്നത്. പ്രതിവാദങ്ങൾ ഉന്നയിക്കും മുൻപുതന്നെ അവർ തങ്ങളുടെ അജൻഡ നടപ്പാക്കിക്കഴിഞ്ഞിരിക്കും. മുഖമില്ലാത്ത ജനക്കൂട്ടം ലോകത്തെ ഏറ്റവും വിഡ്ഢിയേക്കാൾ വിഡ്ഢിയാണ്. ലോകത്തെ ഏറ്റവും ക്രൂരനേക്കാൾ ക്രൂരനാണ്.

മാനവരാശി ഇന്നോളം കണ്ടിട്ടുള്ള വിവര വിനിമയത്തിന്റെ മികച്ച ജനാധിപത്യമുഖമായ സോഷ്യൽ മാധ്യമങ്ങളിൽ ട്രോൾ* ആർമികളുടെ

---

*വായനക്കാരെ വഴിതെറ്റിക്കുക എന്ന ഉദ്ദേശ്യത്തോടെ ഓൺലൈൻ സമൂഹങ്ങളിൽ തെറ്റായതോ വിഷയവുമായി ബന്ധമില്ലാത്തതോ ആയ കാര്യങ്ങൾ പങ്കുക്കുന്നതിനെയാണ് ട്രോൾ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിൽ സിനിമകളിൽ നിന്നും മറ്റുമുള്ള ദൃശ്യങ്ങൾ ഉപയോഗിച്ച് സൃഷ്ടിക്കുന്ന സ്പൂഫ് കാർട്ടൂണുകളെ മാത്രമായി ഇങ്ങനെ വിളിച്ചുകാണാറുണ്ട്. അതും ട്രോൾ തന്നെയാണ്. പക്ഷേ, അത് മാത്രമല്ല ട്രോളുകളുടെ ഗണത്തിൽ വരുന്നത്.



പെരുമാറ്റത്തെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. കംപ്യൂട്ടർ പ്രോഗ്രാമുകൾ പോലെ അഭിപ്രായങ്ങൾക്ക് മേൽ അവർ ഒരേ തരം കമന്റുകൾ ആവർത്തിക്കും. തങ്ങൾക്കിഷ്ടമുള്ള പോസ്റ്റുകളിൽ ലൈക്കുകൾ നിർബാധമൊഴുക്കും. മതിവരുവോളം ഗ്രൂപ്പുകളിൽ അവ ഷെയർ ചെയ്യും. അങ്ങനെയവർ പ്രൊപ്പഗാൻഡ ടൂളുകളായ ഹ്യൂമൻ ബോട്ടുകളായി (Human Bots) സൈബർ ലോകത്ത് പുലരുകയാണ്. അവർ വാർത്തകളെ മാറ്റിമറിക്കുന്ന, തിരഞ്ഞെടുപ്പുകളെ നിർണ്ണയിക്കുന്ന കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്. നരേന്ദ്രമോദി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചാൽ അനുകൂലിക്കുമോ എന്ന ചേതൻ ഭഗത്തിന്റെ ടിറ്റർ സർവേയിൽ 'യെസ്'എന്ന മറുപടി തിരഞ്ഞെടുക്കുന്നവർ 57 ശതമാനവും 'നോ' എന്ന മറുപടി തിരഞ്ഞെടുക്കുന്നവർ 43 ശതമാനവുമാകുന്നത് എങ്ങനെയെന്ന് കണ്ടറിയാൻ ഈ സംഘടിത ഗുണ്ടാ സംഘത്തിന്റെ പ്രവർത്തനം മനസ്സിലാക്കിയേ പറ്റൂ. അത് ജനാഭിപ്രായമാണെന്ന് ബി.ജെ.പി. നേതാക്കളായ ശത്രുഘ്നൻ സിൻഹയും, സുബ്രഹ്മണ്യൻ സ്വാമിയും പോലും വിശ്വസിക്കുന്നില്ല. പക്ഷേ, സോഷ്യൽ മാധ്യമങ്ങളിലെകോടിക്കണക്കിന് പ്രൊഫൈലുകൾ അതൊക്കെ മതിമറന്ന് ആസ്വദിക്കുന്നവരാണ്. നുണക്കഥകളുടെ പ്രചാരകർ ഈ പ്രൊഫൈലുകളെ മാത്രമാണ് ലക്ഷ്യമിടുന്നത്.

**വസ്തുതയും നുണയും തമ്മിലുള്ള അതിര്**

പരമ്പരാഗത മാധ്യമങ്ങളെ അടിമുടി മാറ്റി നിർണയിക്കുകയാണ് സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകൾ. വിവരങ്ങൾ ആദ്യം അറിയാനുള്ള ഇടമായി അവ മാറിക്കഴിഞ്ഞു. പത്രം, റേഡിയോ, ടെലിവിഷൻ എന്നിങ്ങനെ വാർത്താ വിതരണത്തിൽ മേൽക്കൈ നേടിയ മാധ്യമ രൂപങ്ങളുടെ ശ്രേണിയിൽ അവസാന ഇനമായി അത് സ്ഥാനം പിടിച്ചു കഴിഞ്ഞു. അമേരിക്കയിൽ 62 ശതമാനം ആളുകളും വാർത്തകൾ അറിയുന്നത് സോഷ്യൽ മാധ്യമങ്ങൾ വഴിയാണെന്ന്



അടുത്തിടെ നടന്ന ഒരു സർവേ വ്യക്തമാക്കുന്നു. 75 ശതമാനത്തോളം ആളുകളുടെ മൊബൈൽ ഫോണിലും സോഷ്യൽ ആപ്പുകൾ ഉണ്ട് എന്നും ആ സർവേ പറയുന്നു. പക്ഷേ, സോഷ്യൽ മാധ്യമങ്ങൾക്ക് വാർത്തകളോട് അതിനൊത്ത ബഹുമാനം ഇപ്പോഴുമില്ല. അത് വസ്തുതകളെയും നുണകളെയും ഒരേ പോലെ ചവച്ചിറക്കുന്നു. യഥാർത്ഥ സംഭവങ്ങളെയും കള്ളക്കഥകളെയും ഒരേപോലെ വിതരണം ചെയ്യാനുള്ള കഴിവ് സോഷ്യൽ മാധ്യമങ്ങളെ കുത്സിത നീക്കങ്ങളുടെ ഇരുണ്ട അരങ്ങാക്കി മാറ്റിക്കഴിഞ്ഞു. സ്ഥാപിത താത്പര്യക്കാർ പ്രൊഫൈലുടമകളെ തങ്ങളുടെ വഴിയേ ആട്ടിത്തെളിക്കുകയാണ് ലോകമെങ്ങും. അനുകൂലമായ വാർത്തകൾ ടൈംലൈനുകളിൽ വിതച്ച്, ചർച്ചകളെ വഴിതിരിച്ചു വിട്ട്, ചിലപ്പോൾ ജനങ്ങളുടെ അഭിപ്രായമെന്ന പേരിൽ സർവേകളുടെ നിലപാട് മാറ്റി മറിച്ച്, പ്രചണ്ഡമായ പ്രചാരവേലകളിലൂടെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് തങ്ങൾക്കനുകൂലമായ നിലപാടിലെത്തിച്ച് അവർ വിലസുന്നു. വർഷാവസാനത്തെ കണക്കെടുപ്പ് ആഘോഷങ്ങൾക്കിടെ, ‘ഈ വർഷം സോഷ്യൽ മാധ്യമങ്ങളിൽ വൈറലായ 10 പ്രധാന നുണകൾ’ എന്ന തലക്കെട്ടിൽ വായിക്കുന്ന സ്റ്റോറി പീസ് നമ്മൾ ജീവിക്കുന്ന കാലത്തെ അടയാളപ്പെടുത്തുന്നുണ്ട്.

ഫേസ്ബുക്ക് അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വെല്ലുവിളി നേരിടുകയാണെന്ന് വിമർശകർ പറയുന്നു. അവരുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. വ്യാജവാർത്തകൾ ചമച്ച് പ്രചരിപ്പിക്കാൻ ലോകമെങ്ങും സർക്കുലേഷനുള്ള ഒരു ദിനപത്രമോ, ഭൂഖണ്ഡാന്തര ശൃംഖലയുള്ള ടെലിവിഷൻ ചാനലോ ലഭിച്ചാൽ എങ്ങനെയുണ്ടാകും ? അതിനാണ് ലോകം സാക്ഷ്യം വഹിക്കുന്നതെന്ന് വിദഗ്ധർ പറയുന്നു. ഫേസ് ബുക്ക് ഒരു മാധ്യമ സ്ഥാപനമല്ല എന്നതായിരുന്നു ഈ നിലയ്ക്കുള്ള വിമർശനങ്ങളോട് എക്കാലവും മാർക്ക് സക്കർ ബർഗ്ഗിന്റെ (Mark Zuckerberg) മറുപടി.



ഞങ്ങളുടേത് ഒരു ടെക്നോളജി കമ്പനി മാത്രമാണെന്ന് പലവുരു അദ്ദേഹം ആവർത്തിച്ചിട്ടുണ്ട്. ന്യൂസ് ഫീഡിൽ എത്തുന്ന പോസ്റ്റുകളിൽ ഒരു ശതമാനം വ്യാജവാർത്തകൾ ഉണ്ടായേക്കാം. പക്ഷേ, അത് വലിയ സ്വാധീനം ചെലുത്തുന്നുവെന്നത് കെട്ടുകഥയാണെന്നും സക്കർബർഗ് അടുത്തിടെ പറഞ്ഞു. എന്നാൽ ഫേസ്ബുക്കിലൂടെ പ്രചരിച്ച വ്യാജ വാർത്തകൾ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിനെ സ്വാധീനിച്ചെന്ന് വസ്തുതകളുടെ അടിസ്ഥാനത്തിൽ ചില പഠനങ്ങൾ സ്ഥാപിച്ചതോടെ നിലപാടിൽ മാറ്റമുണ്ടായിട്ടുണ്ട്. വ്യാജവാർത്തകളെ നിയന്ത്രിക്കാനുള്ള വലിയ പദ്ധതികൾ ഫേസ്ബുക്ക് പ്രഖ്യാപിച്ചു കഴിഞ്ഞു. എ.ബി.സി. ന്യൂസ്, അസോസിയേറ്റ് പ്രസ്, ഫാക്ട് ചെക്കിങ് വെബ് സൈറ്റായ സ്നോപ്സ് ഡോട് കോം തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് വസ്തുതാ പരിശോധനാ പദ്ധതിയാണ് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. സംശയം തോന്നുന്നതും വായനക്കാർ റിപ്പോർട്ട് ചെയ്യുന്നതുമായ സ്റ്റോറികൾ ഈ സ്ഥാപനങ്ങൾക്ക് അയക്കുകയും അവർ അത് ശരിയായ വാർത്തയാണോ എന്ന് പരിശോധിക്കുകയും ചെയ്യുന്നതാണ് പദ്ധതി. വ്യാജമാണെന്ന് തെളിഞ്ഞാൽ 'തെറ്റായ വാർത്തയെന്ന് റിപ്പോർട്ട് ചെയ്തത് ' എന്ന കുറിപ്പോടെ (Flagging) ന്യൂസ് ഫീഡിൽ അവസാന ഐറ്റമായി മാത്രം നൽകുകയും ചെയ്യും.

യാതൊരു മുന്നൊരുക്കങ്ങളുമില്ലാതെ വാർത്താരംഗത്തേക്ക് ഫേസ്ബുക്ക് കടന്നുവന്നതിന്റെ പരിണത ഫലമാണ് ഇപ്പോഴത്തെ പ്രതിസന്ധിയെന്ന് ചിലർ കരുതുന്നു. ലോകമെങ്ങുമുള്ള മാധ്യമങ്ങളുടെ റഫറൽ സൈറ്റ് എന്ന നിലയിൽ നിന്നും മാറാനുള്ള വ്യഗ്രതയിൽ കഴിഞ്ഞ വർഷമാണ് അവർ ഇൻസ്റ്റന്റ് ആർട്ടിക്കിൾ (Instant Article) എന്ന ടൂൾ പ്രഖ്യാപിച്ചത്. മാധ്യമ സ്ഥാപനങ്ങളുമായി ഉണ്ടാക്കുന്ന കരാറിന്റെ അടിസ്ഥാനത്തിൽ വാർത്തകൾ ഫേസ് ബുക്ക് പേജിൽ തന്നെ വായിക്കാൻ ഇത് സൗകര്യമൊരുക്കുന്നു. പേജിൽ ഷെയർ



ചെയ്യപ്പെടുന്ന വാർത്തയുടെ ലിങ്കിൽ ഒരാൾ ക്ലിക്ക് ചെയ്യുമ്പോൾ വാർത്താ വെബ് സൈറ്റിലല്ല അത് തുറക്കുന്നത്, മറിച്ച് ഫേസ്ബുക്കിൽ തന്നെയാണ്. പരസ്യ വരുമാനം വീതം വെക്കാനും ഫേസ് ബുക്ക് ഉപയോഗിക്കുന്നവരുടെ സമയ വ്യാപ്തി വർധിപ്പിക്കാനും ഇത് സ്ഥാപനത്തെ സഹായിച്ചു. ഈ വരുമാനം പ്രതീക്ഷിച്ചെത്തുന്ന വ്യാജന്മാരെ നിയന്ത്രിക്കാൻ യാതൊരു സംവിധാനങ്ങളും ഒരുക്കാതെയായിരുന്നു ഇൻസ്റ്റന്റ് ആർട്ടിക്കിൾ പ്രവർത്തനം ആരംഭിച്ചതെന്ന് വിമർശനമുണ്ട്. ഇതാണ് ഇപ്പോൾ വിനയായത്. ഫേസ്ബുക്കിന്റെ ബിസിനസ് മാതൃക പരിഷ്കരിക്കാതെ ഇതിൽ നിന്നും തടിയൂരാൻ അവർക്കാകില്ല. വസ്തുതകൾക്കല്ല അവിടെ പ്രാധാന്യം. ഒരു പോസ്റ്റ് എത്ര തവണ ഷെയർ ചെയ്യപ്പെട്ടുവെന്നും അതിൽ എത്ര പേർ കമന്റ് ചെയ്തുവെന്നും ലൈക്ക് ചെയ്തു വെന്നും മാത്രമാണ് പരിശോധിക്കപ്പെടുന്നത്. ഈ വിധമുള്ള എൻഗേജ്മെന്റ് മെട്രിക്സ്, ഡിജിറ്റൽ കണ്ടന്റ് വ്യവസായത്തിന്റെ ഭൂപടം മാറ്റിവരയ്ക്കുകയാണ്. നുണകളാണ് അവിടെ ശരികളേക്കാൾ വേഗത്തിലോടുന്നത്. പിന്നെന്തിന് ശരികളുടെ പുറകേ പോകണം ?

ഓരോരുത്തരും അവരവർ ആഗ്രഹിക്കുന്നത് കേൾക്കാൻ കൂടിയാണ് സോഷ്യൽ മാധ്യമങ്ങളിലേക്ക് എത്തുന്നത്. ഇഷ്ടമില്ലാത്ത കാര്യങ്ങളെ സ്പർശിക്കുന്നവരേക്കാൾ അതിനെ അവഗണിക്കുന്നവരാണ് കൂടുതൽ. എൻഗേജ്മെന്റ് മെട്രിക്സ് കുറയുന്നതോടെ ന്യൂസ് ഫീഡിൽ അത്തരം കാര്യങ്ങൾ വരാതാകും. ഫേസ് ബുക്ക് അൽഗോരിതം ആ വിധമാണ് ഫീഡുകളെ ക്രമീകരിക്കുന്നത്. രാഷ്ട്രീയമായി വിഭജിക്കപ്പെട്ട ജനത സത്യം മാത്രമായിരിക്കില്ല ആഗ്രഹിക്കുക. അവരുടെ പക്ഷത്തെ ന്യായീകരിക്കുന്നവയെ കൂടിയാകും. ഏതെങ്കിലും ഒരു ഓൺലൈൻ മാധ്യമസ്ഥാപനത്തിന്റെ ബാക്ക് എൻഡ് കൺസോളിൽ ഒരാഴ്ച ഇരുന്നാൽ മതി, ഒരു നാട് എന്താണ് വായിക്കാൻ



ആഗ്രഹിക്കുന്നത് എന്നറിയാൻ. ദാഹിച്ചുവലഞ്ഞ കാലിക്കൂട്ടം മേച്ചിൽപ്പുറത്തെ കുളത്തിൽ നിന്ന് മലിനജലം കുടിക്കുന്നതുപോലെയാണ് സോഷ്യൽ മാധ്യമങ്ങളിലെ വ്യാജവാർത്തകൾ ജനക്കൂട്ടം തൊണ്ടതൊടാതെ വിഴുങ്ങുന്നത്. സെക്സ്, ക്രൈം എന്നിവയുമായി ബന്ധപ്പെട്ട വാർത്തകളിൽ ഈച്ചയാർക്കുന്ന പോലെ ക്ലിക്കുകൾ പെരുകുന്നത് കൺമുന്നിൽ കാണാനാകും. സിറിയയിലെ പട്ടിണി മരണത്തെക്കുറിച്ചുള്ള സ്റ്റോറി ഡാഷ്ബോർഡിൽ ആർക്കും വേണ്ടാതെ കിടക്കും. അതിശയോക്തിപരമായ വ്യാജവാർത്തകളും സിനിമാ താരങ്ങളെക്കുറിച്ചുള്ള ഗോസിപ്പുകളും സോഷ്യൽ മാധ്യമങ്ങളിൽ പരക്കെ ഷെയർ ചെയ്യപ്പെടുമ്പോൾ വറ്റിവരണ്ട പുഴയെക്കുറിച്ചുള്ള വാർത്ത, പേജ് വ്യൂ ബൊനാൻസയിലെ എടുക്കാത്ത നമ്പരായി അവശേഷിക്കും. ഇത്തരത്തിൽ പരസ്പരാശ്രിത സംഘമായി നിന്നാണ് വ്യാജവാർത്തകളുടെ സ്രഷ്ടാക്കളും പ്രചാരകരും അവരുടെ തട്ടകം വലുതാക്കുന്നത്. കേരളത്തിൽ മാത്രമല്ല, ലോകമെങ്ങും ഇതുതന്നെയാണ് അവസ്ഥ. ഫേസ്ബുക്ക് എന്ന വലിയ വ്യവസ്ഥ അതിലെ അംഗങ്ങളിൽ ഉണ്ടാക്കുന്ന വിശ്വാസ്യതയാണ് വ്യാജന്മാർക്ക് ആദ്യം തണലാകുന്നത്. അത് ഒരാൾ ഷെയർ ചെയ്യുന്നുവെന്ന് കരുതുക, ആ വ്യക്തിക്ക് അയാളുടെ സുഹൃത്തുക്കൾക്കിടയിലുള്ള വിശ്വാസ്യതയും അതിൽ ചേർക്കപ്പെടുന്നു. ഈ വിധം കളക്ടീവായ വിശ്വാസ്യത വലിയ ജനക്കൂട്ടങ്ങളുടെ ധാരണകളെത്തന്നെ അട്ടിമറിക്കുന്നു.

വിവരങ്ങളുടെ മഹാസാഗരമാണ് ഇന്റർനെറ്റ് എന്നൊക്കെ പറയുന്നവർ ഇപ്പോൾ മറ്റൊരു വാചകം കൂടി ഒപ്പം ചേർക്കുന്നത് പതിവായിക്കഴിഞ്ഞു; തെറ്റായ വിവരങ്ങളും അതേ അളവിൽ അതിലുണ്ട്. സാങ്കേതികവിദ്യ എപ്പോഴും നിഷ്പക്ഷമാണെന്ന് നോംചോംസ്കി (Noam Chomsky) പറയുന്നു. “ അതൊരു ചുറ്റിക പോലെയാണ്. വീട് നിർമിക്കാനാണോ ഒരാളുടെ തലയോട്



തകർക്കാനാണോ ഉപയോഗിക്കപ്പെടുന്നത് എന്ന കാര്യം ചുറ്റികയുടെ വിഷയമല്ല. ഇൻർനെറ്റിന് ഇങ്ങനെയൊരു തകരാറുണ്ട്. നിങ്ങൾ എന്തിനു വേണ്ടിയാണ് അതിനെ ഉപയോഗിക്കുന്നത് എന്നറിയാമെങ്കിൽ അതുകൊണ്ട് ഉപകാരമുണ്ടാകും. വെറുതേ വിവരങ്ങൾ പരതാനാണ് ഉപയോഗിക്കുന്നതെങ്കിൽ ഗുണത്തെക്കാളേറെ ദോഷമാണുണ്ടാവുക. അവിടെയും ഇവിടെയുമായി ചിതറിക്കിടക്കുന്ന വിവരങ്ങളിൽ നിന്ന് നിങ്ങൾക്ക് സത്യത്തെ കണ്ടെത്താൻ കഴിയണമെന്നില്ല" - അദ്ദേഹം ആൾട്ടർനെറ്റ് (Alternet.org) എന്ന അമേരിക്കൻ വെബ് പോർട്ടലിന് നൽകിയ അഭിമുഖത്തിൽ പറയുന്നു.

**ഭരണകൂടങ്ങൾ മെരുക്കിയ സോഷ്യൽ മീഡിയ**

സോഷ്യൽ മാധ്യമങ്ങൾ ലോകത്ത് സൃഷ്ടിക്കുന്ന സ്വാധീനത്തെക്കുറിച്ച് ചോദിച്ചാൽ ഒരു വർഷം മുൻപുവരെ പലരുടേയും ചുണ്ടിൽ ആദ്യമെത്തുന്നത് അറബ് സ്പ്രിങ് ആയിരുന്നു. പതിറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട മധ്യപൗരസ്ത്യ രാജ്യങ്ങളിലെ ജനങ്ങളുടെ പ്രതിഷേധത്തിന് വിത്തുപാകിയത് സോഷ്യൽ മാധ്യമങ്ങളാണ്. 1979-ൽ ഇറാനിയൻ വിപ്ലവത്തിന് ആയത്തുള്ള ഖൊമേനിയെ സഹായിച്ചത് ഓഡിയോ കാസറ്റുകളായിരുന്നെങ്കിൽ അറബ് വസന്തത്തിൽ അത് ഫേസ് ബുക്കും മറ്റനേകം സോഷ്യൽ സൈറ്റുകളുമായിരുന്നു. മുല്ലപ്പൂ വിപ്ലവമെന്ന് പരിഹസിക്കപ്പെട്ട ഈ ചെറുത്തുനില്പ്പിന്റെ ഫലമെന്തായിരുന്നു എന്നത് ഇപ്പോൾ തർക്കവിഷയമാണ്. എന്നാൽ ശബ്ദമില്ലാത്തവരുടെ ശബ്ദ മായി സോഷ്യൽ മാധ്യമങ്ങൾ മാറിയതിനെക്കുറിച്ച് ആർക്കും തർക്കങ്ങളു ണ്ടാകാനിടയില്ല. അക്കാലം കഴിഞ്ഞുപോയി. സോഷ്യൽ മാധ്യമങ്ങളെ എങ്ങനെ നയിക്കണമെന്ന് ഭരണകൂടങ്ങൾ പഠിച്ചുകഴിഞ്ഞു; പ്രത്യേകിച്ചും ഏകാധിപതികൾ. അവരുടെ ട്രോൾ ആർമികൾ പ്രൊഫൈലുകൾക്കു ചുറ്റും റോന്തു



ചുറ്റുകയാണിന്ന്. ഭക്തരും ന്യയീകരണത്തൊഴിലാളികളും എഴുതുന്ന വാഴ്ത്തുകളാണ് ജനകീയാഭിപ്രായമെന്ന പേരിൽ വിതരണം ചെയ്യപ്പെടുന്നത്. സ്പൂഫ് കണ്ടന്റുകൾ വിതരണം ചെയ്ത് ലൈക്കടിക്കുന്നവരെ കുടുക്കുന്ന ഭരണകൂട ഉപകരണമാണ് ഇപ്പോൾ ഫേസ് ബുക്ക്. ലൈംഗികത നിറഞ്ഞ ഹണി പോട്ടുകൾ സ്ഥാപിച്ച് വ്യക്തികളെ കളളികളിലേക്കും ജയിലുകളിലേക്കു മയയ്ക്കുന്നു. ഗ്രൂപ്പുകൾ ഉണ്ടാക്കി തീവ്രവാദ ആശയങ്ങൾ പ്രചരിപ്പിച്ച് അംഗ ങ്ങളാകാൻ വരുന്നവരെ തടവിലാക്കുന്നു. ശത്രുരാജ്യത്തിന്റെ കാലാൾപ്പട അതിർത്തിയിൽ മൈനുകൾ വിതറും പോലെ അവർ ടൈം ലൈനുകളിൽ ഭയം വിതക്കുന്നു. സോഷ്യൽ മാധ്യമങ്ങൾ സാധാരണക്കാരെയല്ല, ഭരണ കൂടങ്ങളെയാണ് കൂടുതൽ സഹായിക്കുന്നതെന്നാണ് സമീപകാലത്ത് നടന്ന പഠനങ്ങളിൽ പലതും പറയുന്നത്.

ജനാഭിലാഷമറിയാനും ജനങ്ങളുടെ പരാതികൾ കേൾക്കാനും ഏറ്റവും ചെലവുകുറഞ്ഞ ഉപാധിയാണ് സോഷ്യൽ മാധ്യമങ്ങൾ. ജനങ്ങൾ എന്താണ് വിചാരിക്കുന്നത് എന്നറിയാതെ ഭരണം നടത്തിയ പലരും വീണു പോയതിന് ചരിത്രം സാക്ഷിയാണ്. ഇനിയത് സംഭവിക്കാനിടയില്ല, വിവരശേഖരണം നടത്തുന്നത് ജനാഭിലാഷം സഫലമാക്കുന്ന ഭരണം നടത്താനാണെന്ന് ആരും വിചാരിക്കേണ്ടതില്ല. അതിനെ അട്ടിമറിക്കാനുള്ള ഉപകരണങ്ങൾ സൃഷ്ടിക്കാൻ വേണ്ടിയുമാകാം. ജനങ്ങളെ തിരുത്താനും അവരുടെ പ്രതിഷേധങ്ങളെ അതിജീവിക്കാനും ട്രോൾ ആർമികൾ മുതൽ യഥാർഥ ആർമികൾ വരെ ഭരണ കൂടങ്ങളെ സഹായിക്കും. ജനകീയ സമരനേതാക്കൾ ചെയ്തതെന്തോ അതു തന്നെയാണ് ഏകാധിപധികളും വിവിധ ജനാധിപത്യ ഭരണകൂടങ്ങളും ചെയ്യുന്നത്. അവർ തങ്ങളെ അനുകൂലിക്കുന്നവരുടെ ഗ്രൂപ്പുകൾ സൃഷ്ടിക്കുകയാണ്. റഷ്യയിൽ വ്ളാഡിമർ പുടിന്റെ 'ട്രോൾ ഫാക്ടറിയും'



ചൈനയിലെ '50 സെന്റ് പാർട്ടിയും' ഇതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. അമേരിക്കൻ കമ്പനിയായ ഫേസ്ബുക്കിനെ നിരോധിച്ച്, വെയ്ബോ (weibo.com) എന്ന പേരിൽ സർക്കാർ നിയന്ത്രിത സോഷ്യൽ നെറ്റ് വർക്കിങ് സൈറ്റ് തന്നെ ചൈന സ്ഥാപിച്ചു. വികണക്ട് (vk.com) എന്ന പേരിൽ റഷ്യയും ഒരു മൈക്രോ ബ്ലോഗിങ് സൈറ്റിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സർക്കാർ അനുകൂലമായ ഒരു പോസ്റ്റിന് 50 സെന്റ് പ്രതിഫലമായി വാങ്ങുന്ന വലിയ സംഘം ചൈനയിലുണ്ടെന്ന് പാശ്ചാത്യമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഈ സംഘമാണ് 50 സെന്റ് പാർട്ടി എന്ന പേരിൽ അറിയപ്പെടുന്നത്.

ഉത്തര കൊറിയയിലും ചൈനയിലും ഫേസ്ബുക്ക് സമ്പൂർണമായി നിരോധിക്കപ്പെട്ടിരിക്കുകയാണെങ്കിൽ മറ്റനേകം രാജ്യങ്ങൾ തങ്ങൾക്കാവശ്യമുള്ളപ്പോഴെല്ലാം ഈ വെബ്സൈറ്റിലേക്കുള്ള പ്രവേശനം തടയാറുണ്ട്. ഇറാനും പാകിസ്താനും സിറിയയും ഈജിപ്തുമെല്ലാം ഈ ഗണത്തിൽ വരുന്ന രാജ്യങ്ങളാണ്. നിരോധനമെന്നത് കാലഹരണപ്പെട്ട രീതിയാണെന്നാണ് പല ഭരണാധികാരികളും ഇപ്പോൾ വിശ്വസിക്കുന്നത്. ആളുകളെ ചട്ടം പഠിപ്പിക്കാൻ ഇതിലും നല്ല മാർഗമില്ലെന്നാണ് തുർക്കി പ്രസിഡന്റ് തയ്യിപ് എർദോഗാന്റെ പാർട്ടിയായ എ.കെ.പി. കരുതുന്നത്. 'ഗുണകരമായ രാഷ്ട്രീയ ഭാഷ പ്രചരിപ്പിക്കാനും എതിരാളികളുടെ കുപ്രചരണങ്ങളെ തകർക്കാനുമായി' പാർട്ടി 6000 പേരെയാണ് രാജ്യമാകെ നിയമിച്ചത്. അവരുടെ ശക്തി തെളിയിക്കാൻ ഉതകുന്ന ഒരു സംഭവം തൊട്ടടുത്ത നാളുകളിൽ തന്നെയുണ്ടായി. രണ്ട് തുർക്കി പൈലറ്റുമാരെ ലബനനിൽ ഭീകരർ തട്ടിക്കൊണ്ട് പോയതായിരുന്നു അത്. അങ്ങേയറ്റം പരാജയപ്പെട്ടുപോയ തുർക്കിയുടെ നയതന്ത്ര ശ്രമങ്ങളെ വിമർശിച്ച മാധ്യമ പ്രവർത്തകനായ എമ്റി കിസിൽകയ (Emre Kizilkaya) യെ സംഘം ട്വിറ്ററിൽ വളഞ്ഞു. ഇസ്രയേൽ പക്ഷപാതിയായ സയണിസ്റ്റ് എന്നായിരുന്നു



വിശേഷണം. രാജ്യദ്രോഹി എന്നും ചിലർ വിളിച്ചു. ഭീഷണിമുഴക്കിയ ജനക്കൂട്ടത്തെക്കുറിച്ച് AKPs social media war എന്ന തലക്കെട്ടിൽ എമ്റി എഴുതിയ കുറിപ്പ് സംഘടിത സൈബർ ആക്രമണങ്ങളെക്കുറിച്ച് പഠിക്കുന്നവർക്കുള്ള നല്ല അധ്യായങ്ങളിൽ ഒന്നാണ്. ഹീബ്രു ഭാഷയിൽ ഹസ്ബറ (Hasbara) എന്ന് വിളിക്കപ്പെടുന്ന വിശദീകരണം എന്നർത്ഥമുള്ള പദമാണ് ഇസ്രയേലിന്റെ ട്രോൾ ആർമിയുടെ പേര്. 2013-ൽ ഔദ്യോഗികമായി രാജ്യം സ്ഥിരീകരിച്ച ഈ സംഘം, 'ഇസ്രയേൽ എന്ന രാഷ്ട്രത്തിന്റെ നിയമപരമായ സാധുതയെ ലോകത്തിന് മുന്നിൽ വിശദീകരിക്കാനാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്. 350-ഓളം പേർ മുഴുവൻ സമയ പ്രവർത്തനം നടത്തുന്ന സൈബർ ഗ്രൂപ്പിൽ അംഗങ്ങളാകുന്ന വിദ്യാർത്ഥികൾക്ക് രാജ്യം സ്കോളർഷിപ്പുകളും മറ്റും നൽകുന്നുണ്ട്. ഈ വിധം അസംഖ്യം പ്രചാരകരെ രാജ്യത്തിനകത്തും പുറത്തുമായി ഇസ്രയേൽ സൃഷ്ടിച്ചിരിക്കുന്നു.

**അമേരിക്കയെ നിർണയിക്കുന്ന റഷ്യ**

അടുത്തിടെ നടന്ന അമേരിക്കൻ പൊതുതിരഞ്ഞെടുപ്പിൽ വിജയിയെ നിർണയിച്ചത് റഷ്യയാണെന്ന് നമ്മളെല്ലാം വായിച്ചു. തോറ്റ സ്ഥാനാർത്ഥിയുടെ ആരോപണം മാത്രമല്ല, പഴുതുകളില്ലാത്ത അന്വേഷണത്തിന് വിദഗ്ധരായ അമേരിക്കൻ സുരക്ഷാ ഏജൻസികളെല്ലാം ഒരേ സ്വരത്തിൽ സമ്മതിക്കുന്ന കാര്യമാണത്. അതിന്റെ തുടർച്ചയെന്നോണം 35 റഷ്യൻ നയതന്ത്ര ഉദ്യോഗസ്ഥരെ ഒബാമ ഭരണകൂടം അമേരിക്കയിൽ നിന്നും പുറത്താക്കുകയും ചെയ്തു. ഉദ്യോഗസ്ഥർ തിരഞ്ഞെടുപ്പിൽ ഇടപെട്ടതിന്റെ തെളിവുകൾ ലഭിച്ചു എന്നാണ് വിശദീകരണം. എങ്ങനെയാണ് കോടിക്കണക്കിന് വരുന്ന അമേരിക്കക്കാരുടെ രാഷ്ട്രീയ നിലപാടുകളെ റഷ്യക്ക് സ്വാധീനിക്കാൻ കഴിയുക ? റഷ്യയുടെ



കുപ്രസിദ്ധമായ ഇന്റർനെറ്റ് റിസർച്ച് ഏജൻസിയെക്കുറിച്ച് അറിയാവുന്നവർക്ക് ആശ്ചര്യം തോന്നുകയില്ല. 2013 –ൽ ഒരു സംഘം ഹാക്കർമാർ ചോർത്തിയെടുത്ത രഹസ്യ വിവരങ്ങളിൽ നിന്നാണ് ഇവരെക്കുറിച്ച് ലോകം ആദ്യം അറിയുന്നത്. 600 പേരോളം വരുന്ന ടെക്കികളുടെ സംഘം രാജ്യത്താകമാനം വരുന്ന വലിയ ഗ്രൂപ്പിനെ നയിക്കുന്നുവെന്നും പ്രതിവർഷം 10 ദശലക്ഷം ഡോളറോളം ഈ ഇനത്തിൽ ചെലവഴിക്കുന്നുവെന്നുമായിരുന്നു ചോർത്തിയെടുക്കപ്പെട്ട വിവരങ്ങളിൽ ഉണ്ടായിരുന്നത്. പ്രസിഡന്റ് പുടിന്റെ നയനിലപാടുകളെ വാഴ്ത്തുന്ന ബ്ലോഗുകൾ, ഫേസ്ബുക്ക് പോസ്റ്റുകൾ, ട്വീറ്റുകൾ എന്നിവ എഴുതുന്നവരാണ് സംഘത്തിലുള്ളതെന്നും പറയപ്പെടുന്നു. കുറഞ്ഞത് പത്ത് അക്കൗണ്ടെങ്കിലും ഓരോ മാധ്യത്തിലും സൂക്ഷിക്കുന്നവരാണ് ഇവരിൽ ഭൂരിപക്ഷവും. ലൈക്കായി കമന്റായി പോസ്റ്റായി ദിവസവും 50 തവണയെങ്കിലും ഇവർ സോഷ്യൽ മാധ്യമങ്ങളിൽ ഇടപെടുന്നു. എതിരാളികളെ അപകീർത്തിപ്പെടുത്തുന്ന ട്രോളുകളും മറ്റും സൃഷ്ടിച്ച് പ്രചരിപ്പിക്കുന്നു. അങ്ങനെ രാജ്യത്തിനകത്തും പുറത്തും കൃത്യമായ അജൻഡയോടെ അഭിപ്രായ സ്വരൂപീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

റഷ്യയുടെ യുക്രൈൻ അധിനിവേശത്തെ വിമർശിച്ച പ്രതിപക്ഷനേതാവ് ബോറിസ് നെമ്സോവിനെ (Boris Nemtsov) 2015 ഫെബ്രുവരിയിൽ വെടിവച്ച് കൊന്ന സംഭവം ലോകമാകെ ശ്രദ്ധക്കപ്പെട്ടിരുന്നു. നെമ്സോവിന്റെ പാർട്ടിക്കാർ തന്നെയാണ് അദ്ദേഹത്തെ കൊന്നതെന്ന് പ്രചരിപ്പിക്കാൻ ഭരണകൂടാനുകൂല സോഷ്യൽ മാധ്യമ സംഘങ്ങൾ തുടർച്ചയായി ശ്രമം നടത്തി. കൊലപാതകികൾ എന്ന് സംശയിക്കുന്ന പല സംഘങ്ങളെയും അറസ്റ്റ് ചെയ്ത് പോലീസ് അതിന് ഒത്താശ ചെയ്തു. പല തിയറികളുടെ പുകമറയിൽ സത്യം ഒളിപ്പിക്കപ്പെടുകയായിരുന്നു. കൊലപാതകത്തെക്കുറിച്ച് ഇപ്പോഴും യഥാർത്ഥ



വിവരങ്ങൾ പുറത്ത് വന്നിട്ടില്ലെന്നും കൊലയാളി ക്രെമ്ലിനിലാണെന്നും നെമ്സോവിന്റെ അനുയായികൾ വാദിക്കുന്നു. മരണശേഷം അദ്ദേഹത്തിന്റെ ‘കൊളളരുതായ്മകൾ’ സോഷ്യൽ മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. രാജ്യം യുദ്ധത്തിലായിരിക്കുമ്പോൾ വിമർശിക്കുന്നത് രാജ്യ ദ്രോഹമാണ്, രാജ്യദ്രോഹിക്ക് ഇത് തന്നെവേണം- അങ്ങനെ പോയി വാദങ്ങൾ. ഈ വിധം ജനരോഷത്തിൽ നിന്ന് പുടിനെ രക്ഷിക്കാൻ ഇന്റർനെറ്റ് റിസർച്ച് ഏജൻസിക്ക് കഴിഞ്ഞുവെന്ന് വിലയിരുത്തപ്പെടുന്നു. കൊല്ലപ്പെടുന്നതിന് മണിക്കൂറുകൾക്ക് മുൻപ് നെമ്സോവ് തന്റെ ഫേസ് ബുക്ക് പേജിൽ എഴുതിയ വരികൾ കൊലപാതകത്തിന്റെ ജീവിക്കുന്ന തെളിവായി ഇപ്പോഴുമുണ്ട്. ആ പോസ്റ്റിൽ നെമ്സോവ് എഴുതി; ‘If you support stopping Russias war with Ukraine, if you support stopping Puttins aggression, come to the Spring March in Maryino(Suburub of Moscow) on 1st March.’ അജ്ഞാതനായ ഒരു കൊലയാളി മാകറോവ് എന്ന് പേരുളള സെമി ഓട്ടോമാറ്റിക് പിസ്റ്റളിൽ നിന്നുമുതിർത്ത നാല് തിരകൾ കൊണ്ട് മോസ്കോയിലെ മാരിയാനോയിൽ നിന്നും ആരംഭിക്കേണ്ടിയിരുന്ന പുടിന്റെ ഏകാധിപത്യത്തിനെതിരായ പ്രതിഷേധ സമരത്തിന്റെ ചരിത്രഗതി മാറ്റിമറിച്ചുകളഞ്ഞു. മാർച്ച് ഒന്നിന് മാരിയാനോയിൽ നെമ്സോവ് അനുസ്മരണ റാലിയാണ് നടന്നത്.

അമേരിക്കൻ തിരഞ്ഞെടുപ്പിൽ റഷ്യൻ ട്രോൾ ആർമി നടത്തിയ ബുദ്ധിപരമായ കരുനീക്കങ്ങൾ ഏകാധിപത്യ സ്വഭാവം പ്രകടിപ്പിക്കുന്ന ട്രംപ് എന്ന കച്ചവടക്കാരനെ ആ രാജ്യത്തിന്റെ പ്രസിഡന്റ് പദവിയിലെത്തിച്ചു. വോട്ടെടുപ്പിന്റെ കണക്കുകളെയല്ല വോട്ടർമാരുടെ മനസ്സുകളെയാണ് ഹാക്കർമാർ അട്ടിമറിച്ചത്. തിരെഞ്ഞെടുപ്പ് പ്രചാരണത്തിനിടെ ഡമോക്രാറ്റിക് പാർട്ടിയുടെ



വെബ്സൈറ്റുകളിൽ നുഴഞ്ഞു കയറിയ ഹാക്കർമാർ, പാർട്ടി അയച്ച ഒട്ടേറെ ഇ-മെയിലുകൾ പുറത്തുവിടുകയായിരന്നു

ഡെമോക്രാറ്റ് പാർട്ടി ഹില്ലരിക്കായി നടത്തിയ വഴിവിട്ട നീക്കങ്ങൾ പലതും ഇതിലൂടെ പുറത്തുവന്നു. ഒക്ടോബറിൽ, പ്രചാരണത്തിന്റെ മൂർധന്യത്തിൽ വിക്കി ലീക്സ്, ഡി.സി.ലിക്സ് എന്നീ വെബ്സൈറ്റുകൾ വഴിയാണ് മെയിലുകൾ പുറത്തുവന്നത്. വിവാദമെയിലുകൾ പുറത്തുവന്നതോടെ ഹില്ലരി ക്ലിന്റന്റെ ജനകീയ പിന്തുണ താഴെ വീണു. പിന്നീടുള്ള സർവ്വേകളെല്ലാം ഇക്കാര്യം സ്ഥിരീകരിക്കുന്നവയാണ്. തന്റെ തോൽവിക്ക് റഷ്യയുടെ ഇടപെടൽ കാരണമായെന്ന് ഹില്ലരി പിന്നീട് തുറന്നുപറയുകയും ചെയ്തു.

എഫ്.ബി.ഐ. യും ആഭ്യന്തര സുരക്ഷയുടെ ചുമതലയുള്ള ഹോംലാൻഡ് സെക്യൂരിറ്റി ഏജൻസിയും സംയുക്തമായി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒബാമ സർക്കാർ ഔദ്യോഗികമായിത്തന്നെ റഷ്യൻ ഇടപെടൽ സ്ഥിരീകരിച്ചു. സി.ഐ.എ യും റഷ്യൻ ഹാക്കർമാരുടെ സാന്നിധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. റഷ്യൻ പ്രസിഡന്റ് പുടിൻ നേരിട്ട് നൽകിയ നിർദ്ദേശങ്ങളാണ് നടപ്പാക്കപ്പെട്ടതെന്നും 2017 ജനുവരി ആറിന് പ്രസിദ്ധീകരിക്കപ്പെട്ട 25 പേജുള്ള റിപ്പോർട്ട് വ്യക്തമാക്കുന്നു. അമേരിക്കൻ സുരക്ഷാ ഏജൻസികളെയെല്ലാം വെട്ടിച്ച് പ്രധാനപ്പെട്ടൊരു രാഷ്ട്രീയ പാർട്ടിയുടെ മെയിൽ സംവിധാനം ഹാക്ക് ചെയ്യാനും കൃത്യസമയത്ത് അവ പുറത്തുവിട്ട് തിരഞ്ഞെടുപ്പു ഫലത്തെ തന്നെ തകിടം മറിക്കാനും റഷ്യൻ ഹാക്കർമാർക്ക് കഴിഞ്ഞു എന്നുവേണം കരുതാൻ. കൃത്യമായ രണ്ടു തെളിവുകൾ ഹാക്കർമാരിൽ നിന്നും അന്വേഷണ സംഘങ്ങൾക്ക് ലഭിക്കുകയുണ്ടായി. ചോർത്തപ്പെട്ട രേഖകൾക്കിടയിൽ കണ്ട മെറ്റാഡേറ്റ (Meta-data) ആണ് ഇതിലൊന്ന്. റഷ്യൻ ഭാഷാ സെറ്റിങ്സ് ഉള്ള കംപ്യൂട്ടർ



ഉപയോഗിച്ച് ഹാക്ക് ചെയ്യപ്പെട്ട സെർവറിലെ ഇംഗ്ലീഷിലുള്ള രേഖകൾ എഡിറ്റ് ചെയ്തപ്പോൾ ഉണ്ടായ എറർ മെസേജാണ് സംശയങ്ങൾ ഉറപ്പിക്കുന്നത്. സോവിയറ്റ് രഹസ്യപോലീസുമായി ബന്ധമുള്ള വാക്ക് യൂസർനെയിമായി ഉപയോഗിക്കുന്നയാളാണ് രേഖകൾ എഡിറ്റ് ചെയ്തതെന്നും അന്വേഷണ സംഘങ്ങൾക്ക്  തെളിയിക്കാൻ കഴിഞ്ഞു.

ഭരണഘടനാഭേദഗതിയിലൂടെ മൂന്നാം തവണയും പ്രസിഡന്റ് പദവിയിലേക്ക് മത്സരിച്ച പുടിനെതിരെ റഷ്യയിൽ 2012-ൽ വലിയ തോതിലുള്ള ജനകീയ സമരമാണ് അരങ്ങേറിയത്. പട്ടാളത്തെയും പോലീസിനെയും തെരുവിലിറക്കിയാണ് ആ സമരത്തെ  ഭരണകൂടം അടിച്ചമർത്തിയത്.  അന്ന് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന ഹില്ലരി ക്ളിന്റൺ, പുടിൻ വിരുദ്ധ സമരത്തിന് നിർലോഭമായ പിന്തുണയും പണവും നൽകിയെന്ന് റഷ്യൻ രഹസ്യാന്വേഷണ ഏജൻസിയായ കെ.ജി.ബി. റിപ്പോർട്ട് ചെയ്യുന്നു.  ഈ റിപ്പോർട്ടാണ് ഹില്ലരിക്കെതിരെ വ്യക്തിപരമായ നീക്കങ്ങൾ നടത്താൻ പുടിനെ പ്രേരിപ്പിക്കുന്നതെന്നാണ് സൂചന.  ആ സമരം സാധാരണ നിലയിൽ ഉയർന്നുവന്നതാണെന്ന് പുടിൻ ഇന്നും വിശ്വസിക്കുന്നില്ല. അമേരിക്ക സൃഷ്ടിച്ചതാണ് എന്നാണ് അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം.  ഇരുരാജ്യങ്ങളും പരസ്പരം ഹാക്ക് ചെയ്യുന്നതരം പ്രവർത്തനങ്ങൾക്ക് സോവിയറ്റ് യൂണിയന്റെ കാലത്തോളം പഴക്കമുണ്ട്. അപവാദങ്ങളും വ്യാജവാർത്തകളും പ്രചരിപ്പിക്കുന്നതിൽ ഇരുപക്ഷവും മോശമായിരുന്നില്ല. 'ശീതസമരകാലത്തും ഇതുതന്നെയായിരുന്നു അവരുടെ പ്രവർത്തനരീതി.  പക്ഷേ, സോഷ്യൽ മാധ്യമങ്ങൾ ഇല്ലാത്ത കാലത്ത് ഇത് ഇത്ര എളുപ്പമായിരുന്നില്ല'. എന്ന്  അമേരിക്കൻ വിദേശകാര്യ വിദഗ്ധനായ ക്ലിന്റ് വാട്ട് (Clint Watts) പറയുന്നു. ശീതസമരകാലത്ത് ഇരുവരും മാറി മാറി വിജയം നേടുന്നതുപോലെ സൈബർ ശീതസമരത്തിലെ ഒരു റഷ്യൻ വിജയത്തിന് ലോകം



സാക്ഷ്യം വഹിച്ചിരിക്കുന്നു. അത് വ്ളാഡിമിർ പുടിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്കുള്ള ഒരു ചുവടു മുന്നേറ്റമാണ്. വിവരവിനിമയ സങ്കേതത്തിൽ നിലവിലുള്ള ആംഗ്ലോ-സാക്സൺ മേധാവിത്വം അവസാനിപ്പിക്കുമെന്ന് 2013 -ൽ റഷ്യയുടെ ഔദ്യോഗിക ടെലിവിഷൻ ചാനലായ റഷ്യ ടുഡേയിൽ പുടിൻ പ്രഖ്യാപിച്ചിരുന്നു.

**മാസിഡോണിയൻ കൗമാരക്കാർ**

അമേരിക്കൻ തിരഞ്ഞെടുപ്പിന് മാസങ്ങൾക്ക് മുൻപേ തന്നെ കൃത്യമായ അജൻഡയോടെയുള്ള വ്യാജവാർത്താവിതരണം ആരംഭിച്ചിരുന്നതായി വിവിധ അന്വേഷണ സംഘങ്ങൾ പറയുന്നു. നാലു വ്യത്യസ്ത അന്വേഷണ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് വാഷിങ്ടൺ പോസ്റ്റ് വിശദമായ സ്റ്റോറി തന്നെ പ്രസിദ്ധീകരിച്ചു. ഹില്ലരി ക്ലിന്റണെതിരെ നുണവാർത്തകൾ സൃഷ്ടിക്കുന്നതിന് വിദഗ്ധരുടെ വലിയ സംഘം തന്നെ നിയോഗിക്കപ്പെട്ടിരുന്നതായും ലോകമെങ്ങുമുള്ള ന്യൂസ് പോർട്ടലുകൾ വഴിയും സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ വഴിയും അവ വിതരണം ചെയ്യപ്പെട്ടതായുമാണ് അന്വേഷണ സംഘങ്ങളുടെ കണ്ടെത്തൽ. ഇരുന്നൂറിലധികം വെബ്സൈറ്റുകൾ ഹില്ലരി വിരുദ്ധ വ്യാജവാർത്തകൾ തുടർച്ചയായി നൽകിക്കൊണ്ടിരുന്നതായി പ്രോപ് ഓർ നോട്ട് (Prop Or Not) എന്നു പേരുള്ള ടെക്കികളുടെ സംഘം വ്യക്തമാക്കുന്നു. ഇവയിൽ പലതും മാസങ്ങൾക്കു മുൻപ് മാത്രം രജിസ്റ്റർ ചെയ്യപ്പെട്ട ഡൊമെയ്നുകളായിരുന്നു. ഈ വെബ്സൈറ്റുകളെല്ലാം തന്നെ വ്യത്യസ്ത പേരുകളുള്ളവയാണ്. എന്നാൽ പലതിന്റെയും ഉടമസ്ഥർ ഒരേ ആളുകൾ തന്നെയായിരുന്നു.



വ്യാജവാർത്തകളുടെ ഉദ്ഭവവും പ്രചാരവും സംബന്ധിച്ച് ബസ്ഫീഡ് ന്യൂസ് (BuzzFeedNews) നടത്തിയ അന്വേഷണം ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുകൊണ്ടുവന്നത്. തിരഞ്ഞെടുപ്പിന്റെ വിധി നിർണയിച്ച പ്രധാന വ്യാജ വാർത്തകളെല്ലാം ആദ്യം പ്രസിദ്ധീകരിച്ചത് തെക്ക്-പടിഞ്ഞാറൻ യൂറോപ്പിലെ കൊച്ചു രാജ്യമായ മാസിഡോണിയയിൽ രജിസ്റ്റർ ചെയ്യപ്പെട്ട വെബ്സൈറ്റുകളാണെന്ന് ബസ്ഫീഡ് പറയുന്നു. 15-നും 22-നും ഇടയിൽ പ്രായമുള്ള ചെറുപ്പക്കാരാണ് വെബ്സൈറ്റുകളുടെ ഉടമകൾ. കൂണ് മുളയ്ക്കുന്നതു പോലെയാണ് വ്യാജവാർത്തകൾ ചമയ്ക്കുന്ന ന്യൂസ് പോർട്ടലുകൾ മാസിഡോണിയയിൽ ഉണ്ടാകുന്നതത്രേ. മിക്കതും ഇംഗ്ലീഷിലുള്ളവയാണ്. അഞ്ചു മുതൽ പത്തുവരെ കണ്ടന്റ് റൈറ്റേഴ്സാണ് മിക്കവാറും സ്ഥാപനങ്ങളിലുള്ളത്. ഈ ബാൾക്കൻ രാജ്യത്തെ കൗമാരക്കാരുടെ പ്രധാന സ്റ്റാർട്ട്അപ് വ്യവസായങ്ങളിലൊന്ന് വ്യാജ വാർത്താ വെബ്സൈറ്റുകളായിരിക്കുന്നുവെന്ന് റിപ്പോർട്ട് പറയുന്നു. അമേരിക്കൻ വായനക്കാർ ആകർഷിക്കപ്പെടുന്നതരം വാർത്തകളാണ് ഇവർ എഴുതുന്നത്. കാരണം അമേരിക്കയിൽ നിന്നുള്ള ക്ലിക്കുകൾക്കാണ് പേജ് വ്യൂ മാർക്കറ്റിൽ മൂല്യമുള്ളത്. "മാസിഡോണിയൻ ടീനേജേഴ്സ്"എന്ന പേരിൽ കുപ്രസിദ്ധി നേടിയ സംഘം, വൻകിട മാധ്യമസ്ഥാപനങ്ങൾ ഉണ്ടാക്കിയതിലും വരുമാനം തിരഞ്ഞെടുപ്പുകാലത്ത് ഉണ്ടാക്കി. അമേരിക്കയിലെ 19 പ്രധാന മാധ്യമസ്ഥാപനങ്ങൾ തിരഞ്ഞെടുപ്പുകാലത്ത് പ്രസിദ്ധീകരിച്ച സ്റ്റോറികൾക്ക് സോഷ്യൽ മാധ്യമങ്ങളിൽ ലഭിച്ച പ്രതികരണങ്ങളെക്കാൾ കൂടുതലായിരുന്നു വ്യാജ വാർത്തകൾക്ക് ലഭിച്ചതെന്ന് കണക്കുകൾ ഉദ്ധരിച്ച് ബസ്ഫീഡ് പറയുന്നു. ന്യൂയോർക്ക് ടൈംസ്, വാഷിങ്ടൺ പോസ്റ്റ്, ഹഫിങ് ടൺ പോസ്റ്റ്, എൻ.ബി.സി. ന്യൂസ് തുടങ്ങിയ വമ്പന്മാരേക്കാൾ ഫേസ്ബുക്കിലും ട്വിറ്ററിലും വ്യാജ വെബ്സൈറ്റുകൾ തിളങ്ങി എന്നർഥം. പ്രചാരണത്തിന്റെ അവസാന മൂന്നുമാസം



പുറത്തുവന്ന വ്യാജവാർത്തകളിൽ ഇരുപതെണ്ണത്തെയാണ് ബസ് ഫീഡ് പഠന വിധേയമാക്കിയത്. ഇവയോട് 8.71 ദശലക്ഷം പ്രൊഫൈലുകൾ ഷെയർ, കമന്റ്, ലൈക്ക് എന്നീ മൂന്നു രീതികളിൽ പ്രതികരിച്ചു എന്നാണ് കണ്ടെത്തൽ, ഇതേകാലത്ത് 19 മാധ്യമസ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ച ഏറ്റവും വായിക്കപ്പെട്ട 20 സ്റ്റോറികൾക്ക് 7.36 ദശലക്ഷം പ്രതികരണങ്ങളേ സൃഷ്ടിക്കാനായുള്ളൂ. സത്യം ചെരുപ്പിടുമ്പോഴേക്കും നുണ പാതിലോകം ചുറ്റിവരുമെന്ന പഴഞ്ചൊല്ല് എത്ര സത്യം.

പ്രചരിപ്പിക്കപ്പെട്ട വ്യാജവാർത്തകളിൽ അധികവും ഹില്ലരി വിരുദ്ധമായിരുന്നു എന്ന് ബസ്ഫീഡ് പറയുന്നു. ഏറ്റവും പ്രതികരണങ്ങൾ സൃഷ്ടിക്കാനായ വ്യാജവാർത്തകളിൽ ആദ്യത്തെ മൂന്നും ട്രംപിന് തിരഞ്ഞെടുപ്പിൽ മേൽക്കൈ നേടിക്കൊടുത്തു. ഹില്ലരി സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന കാലത്ത് ഐ.എസ്.ഐ.എസ് തീവ്രവാദികൾക്ക് വൻതോതിൽ ആയുധങ്ങൾ നൽകിയെന്നതായിരുന്നു ഇവയിൽ ഒന്ന്. ഫ്രാൻസിസ് മാർപാപ്പ ട്രംപിന് പിൻതുണയറിയിച്ചു എന്നത് മറ്റൊന്ന്. ഹില്ലരി ക്ലിന്റൺ മാരകരോഗത്തിന് അടിമയാണെന്നും അത് മറച്ചുവെച്ചാണ് അവർ തിരഞ്ഞെടുപ്പിനെ നേരിടുന്നതെന്നും ലോകവ്യാപകമായി വാർത്ത വരുന്നതിന് മറ്റൊരു വ്യാജവാർത്ത വഴിതെളിച്ചു. ന്യൂയോർക്കിൽ നടന്ന 9/11 ഓർമദിനത്തിൽ കടുത്ത പനിയെത്തുടർന്ന് ഹില്ലരി തലകറങ്ങിവീണ വീഡിയോ പുറത്തുവന്ന ശേഷമായിരുന്നു ഈ വ്യാജവാർത്തയുടെ പിറവി. സോഷ്യൽ മാധ്യമങ്ങളിലെ ‘ക്വിക് റെസ്പോൺസ് പ്രൊഫൈലുകൾ’ക്ക് രണ്ടാമതൊന്ന് ആലോചിക്കാതെ ടൈംലൈനിലേക്ക് ഷെയർ ചെയ്തുവിടാൻ ഈ വ്യാജൻ ധാരാളമായിരുന്നു. ഹില്ലരി പ്രസിഡന്റ് പദവിക്ക് ചേരുംവിധം ആരോഗ്യമുള്ളയാളല്ലെന്ന് പിന്നീടുള്ള വേദികളിലെല്ലാം ട്രംപ് ആരോപണമുന്നയിച്ചു. ദുർബലയായൊരു സ്ത്രീയെ പ്രസിഡന്റാക്കണോ എന്ന



ചോദ്യത്തിനുൾപ്പെടെ വിധിദിനത്തിൽ ജനങ്ങൾ ഉത്തരമെഴുതി എന്നു വേണം മനസ്സിലാക്കാൻ.

മുകളിൽ പറഞ്ഞവയുൾപ്പെടെ പ്രധാനപ്പെട്ട വ്യാജ വാർത്തകളെല്ലാം ആദ്യം പ്രസിദ്ധീകരിച്ചത് www.endingthefed.com എന്ന വെബ്സൈറ്റാണെന്ന് ബസ്ഫീഡിന്റെ റിപ്പോർട്ട് പറയുന്നു. കഴിഞ്ഞ വർഷം മാർച്ചിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഡൊമെയ്ൻ ആണിത്. എഡിറ്ററുടെ പേരോ പബ്ളിഷറുടെ പേരോ വെബ്സൈറ്റിൽ ഇതുവരെ പ്രഖ്യാപിക്കാത്ത ഈ പോർട്ടൽ തിരഞ്ഞെടുപ്പ് കാലത്ത് വാഷിങ്ടൺ പോസ്റ്റിനെക്കാളും ന്യൂയോർക്ക് ടൈംസിനെക്കാളും കൂടുതൽ വായിക്കപ്പെട്ടു. അലക്സാ റാങ്കിങ്ങിൽ ഇവർ നേടിയ കുത്തനെയുള്ള വളർച്ച സൂചിപ്പിച്ചുകൊണ്ടാണ് ബസ് ഫീഡിന്റെ റിപ്പോർട്ട് അവസാനിക്കുന്നത്. ഇതെല്ലാം കൂട്ടിവായിക്കുമ്പോൾ മാസിഡോണിയയിലെ കൗമാരക്കാർ നിഷ്കളങ്കമായി എഴുതിവിട്ട ഗോസിപ്പുകളായിരുന്നു ആ വാർത്തകളെന്ന് വിശ്വസിക്കാൻ തരമില്ല. വലിയ ഫണ്ടിങ്ങും പ്രചാരണസംവിധാനങ്ങളും അവരെ പിന്തുണച്ചിട്ടുണ്ടെന്ന നിഗമനമാണ് പലർക്കുമുള്ളത്. പണമൊഴുക്കിയത് പുടിനാണോ ട്രംപാണോ എന്ന കാര്യത്തിലേ തർക്കമുള്ളൂ.

**സംഘപരിവാറും കമ്യൂണിസ്റ്റുകാരും**

ഒരു ടെലിവിഷൻ ചർച്ചയിൽ ധനകാര്യമന്ത്രി തോമസ് ഐസക് ബി.ജെ.പി. നേതാവ് എ.എൻ.രാധാകൃഷ്ണനുമായി തർക്കത്തിലാണ്. മന്ത്രി തോമസ് തങ്ങളെ പുച്ഛിക്കുകയാണെന്നാണ് രാധാകൃഷ്ണന്റെ പരിഭവം. മറുപടി പറഞ്ഞ തോമസ് ഐസക് തന്റെ ഫേസ്ബുക്ക് പേജ് സന്ദർശിക്കാൻ രാധാകൃഷ്ണനെ ക്ഷണിക്കുന്നു. ‘നിങ്ങളുടെ അനുയായികൾ എന്റെ പേജിൽ എഴുതിവെച്ചിരിക്കുന്ന തെറികൾ കാണൂ. പുച്ഛമൊക്കെ എന്ത്. ആ തെറിവിളി



